# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7475     14.07.2014-ലെ മറുപടിയ്ക്ക്

### പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി.ജലീൽ | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരമുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ഒരു പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനമെടുക്കുന്നപക്ഷം ടി ചട്ടങ്ങളിലെ 13-ാം ചട്ടമനുസരിച്ചും, സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരവുമാണ് ഗുണഭോക്തൃസമിതിയെ പ്രവൃത്തി ഏൽപ്പിക്കുന്നത്. ഒരു പൊതുമരാമത്ത് പണി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകിക്കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും പ്രസ്തുത യോഗത്തിൽ, പ്രസ്തുത പ്രദേശത്തെ പഞ്ചായത്തംഗം അദ്ധ്യക്ഷം വഹിക്കേണ്ടതും |

യോഗത്തിൽ വച്ച് ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുക്കേണ്ടതും അതിന് 15-ൽ കവിയാതെയും 7-ൽ കുറയാതെയും അംഗങ്ങൾ അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിൽ ഒന്ന് വനിതകൾ ആയിരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്. പഞ്ചായത്തംഗം ഗുണഭോക്താക്കളുടെ സമിതിയിലോ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ അംഗമായിരിക്കാനോ, കൺവീനറായി പ്രവർത്തിക്കാനോ പാടില്ലാത്തതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കുന്ന പണിയുടെ തൃപ്തികരമായ നടത്തിപ്പിനും പൂർത്തീകരണത്തിനും സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർ പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതും, പ്രവൃത്തിയിൽ വീഴ്ച വരുത്തിയാൽ തങ്ങളുടെ നഷ്ടോത്തരവാദിത്വത്തിൽ പഞ്ചായത്തിന് നേരിട്ടോ, കരാറുകാരൻ മുഖേനയോ പ്രസ്തുത പണി പൂർത്തിയാക്കാനുള്ള അവകാശം അംഗീകരിച്ചുകൊണ്ടും പഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന നഷ്ടം കൺവീനർ ഉൾപ്പെടെയുള്ള ഗുണഭോക്തൃസമിതി അംഗങ്ങളിൽ നിന്ന് കൂട്ടായും വെവ്വേറെയായും ഈടാക്കുന്നതിന് സമ്മതിച്ചുകൊണ്ടും ഒരു സമ്മതപത്രം

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് സമിതി അംഗങ്ങൾ ഒപ്പിട്ട് പഞ്ചായത്തിന് നൽകേണ്ടതുമാണ്. |
| (ബി) | പ്രവൃത്തി പൂർത്തീകരണത്തിനു മുമ്പ് ഈ കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേരണമെന്നുള്ള നിബന്ധനയുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എത്ര പ്രാവശ്യം യോഗം ചേരണമെന്നും അത് ഏതെല്ലാം ഘട്ടങ്ങളിലാണെന്നും വിശദമാക്കാമോ; | (സി) | പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരണമെന്ന് വ്യവസ്ഥയുണ്ട്. |
| (ഡി) | ഈ കമ്മിറ്റി യോഗത്തിലേക്ക് ബന്ധപ്പെട്ട വാർഡ് മെമ്പർമാരെ ക്ഷണിക്കേണ്ടതായിട്ടുണ്ടോ; | (ഡി) യും (ഇ) യും (എഫ്) ഉം | വാർഡ് മെമ്പർമാർ ഗുണഭോക്തൃ സമിതിയിൽ അംഗമല്ലാത്തതിനാൽ ക്ഷണിക്കേണ്ടതില്ല. |
| (ഇ) | ഒന്നിൽക്കൂടുതൽ വാർഡുകളിൽ ഒരു പ്രവൃത്തിയുടെ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട മുഴുവൻ വാർഡുകളിലേയും മെമ്പർമാരെ ഈ കമ്മിറ്റി രേഖാമൂലം അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ എന്നറിയിക്കുമോ; | | |
| (എഫ്) | എങ്കിൽ ആരാണ് ഈ മെമ്പർമാരെ യോഗത്തിലേക്ക് രേഖാമൂലം ക്ഷണിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ